(ഡി) ഉണ്ട്.

(ഇ) ലാൻറ് റവന്യൂവിൻമേൽ സർച്ചാർജ് ഏർപ്പെടുത്തുക, ഡ്യൂട്ടി ഓൺ ട്രാൻസ്ഫർ ഓഫ് പ്രോപ്പർട്ടി 5% ആയി ഉയർത്തുക, വസ്തുക്കളുടെ വിൽപ്പന, കൈമാറ്റം എന്നിവയ്ക്ക് കരം ഏർപ്പെടുത്തുക, III—ാം ഗ്രേഡ് മുനിസിപ്പാലിറ്റികളിലുള്ളതുപോലെ പരസ്യ നികുതി ചുമത്തുക, മുനിസിപ്പൽ ബിൽഡിംഗ് റൂൾസ് എല്ലാ സ്പെഷ്യൽ ഗ്രേഡ് പഞ്ചായത്തിലേക്കും വ്യാപിപ്പിക്കുക, സ്പെഷ്യൽ ഗ്രേഡിന് താഴെയുള്ള എല്ലാ പഞ്ചായത്തുകളിലും കെട്ടിട നിർമ്മാണത്തിന് അനുവാദം വേണമെന്ന് വ്യവസ്ഥ ചെയ്ത് 10 രൂപ വീതം ഫീസ് ഈടാക്കുക, റോഡ് പുറമ്പോക്കുകളിൽ ബങ്കുകൾ സ്ഥാപിച്ച് ലേലം ചെയ്ത് വരുമാനം ഉണ്ടാക്കുക, റോഡുകൾ നന്നാക്കുന്നതിനുവേണ്ടി വാഹനനികുതി പിരിവിൽ നിന്നും പഞ്ചായത്തിനു നൽകുന്ന വിഹിതം 20% ആയി ഉയർത്തുക തുടങ്ങിയ വരുമാന മാർഗ്ഗങ്ങളാണ് പഞ്ചായത്ത് ധനകാര്യ കമ്മീഷൻ ശുപാർശ ചെയ്തിട്ടുള്ളത്.

പ്രൈമറി ഹെൽത്തു സെൻററുകളിൽ ആയുർവ്വേദ ഡോക്ടർമാരെ നിയമിക്കണമെന്ന നിർദ്ദേശം

* 252 [391] ശ്രീ. ബെന്നി ബഹനാൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സഭയിൽ മറുപടി നൽകുമോ:

(എ) പ്രൈമറി ഹെൽത്ത് സെൻററുകളിൽ ആയുർവ്വേദ ഡോക്ടർമാരെ നിയമിക്കണമെന്ന കേന്ദ്ര ഗവൺമെൻറ് നിർദ്ദേശം കേരളത്തിൽ നടപ്പിലാക്കിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എവിടെയെല്ലാം നടപ്പിലാക്കിയിട്ടുണ്ട്?

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ):

(എ) ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(iii) നക്ഷത്രചിഹ്നമിടാത്ത ചോദ്യോത്തരങ്ങൾ

ചോദ്യത്തിനുത്തരം പറയാൻ വേണ്ടിവരുന്ന ചെലവ്

1048 [1948] ശ്രീ. ലോനപ്പൻ നമ്പാടൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സഭയിൽ മറുപടി നൽകുമോ:

(എ) നിയമസഭയിൽ ഒരു നക്ഷത്രചിഹ്നം ഇട്ട ചോദ്യത്തിന് ഉത്തരം പറയാൻ ഗവൺമെൻറിന് വരുന്ന ശരാശരി ചെലവെത്രയാണ്;

(ബി) നക്ഷത്രചിഹ്നമിടാത്ത ചോദ്യത്തിനുത്തരം പറയാൻ വരുന്ന ശരാശരി ചെലവെത്രയാണ്?

ഉത്തരം

(എ, ബി) വിവരം ശേഖരിച്ചു നൽകുവാൻ പ്രായോഗികമായി ബുദ്ധിമുട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly